ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ച്ബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ** നിന്നും
നമ്മുടെ അധികാരത്തിൻ കീഴിലുള്ള
മെത്രാപ്പൊലിത്തൻ ആർച്ച്ബിഷപ്പിനും മെത്രാപ്പോലിത്താമാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 1/2009

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

## ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 56-ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശ്ശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

നമ്മുടെ സഭാജീവിതത്തെ ഉദ്ദീപിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്ന ചില ആചരണങ്ങളിലൂടെ നാം കടന്നുപോകുകയാണല്ലോ. ഈ കഴിഞ്ഞ വർഷം നാം സാർവത്രിക സഭയിൽ വി. പൗലോസിന്റെ വർഷമായി ആചരിക്കുകയായിരുന്നു. വി. പൗലോസ് ശ്ലീഹായുടെ ശ്രേഷ്ഠമായ ജീവിതത്തെയും തീക്ഷ്ണമായ മിഷൻ പ്രവർത്തന ത്തെയും അധികരിച്ചുള്ള ധ്യാനവും പഠനവും നമ്മുടെ സഭാജീവിത ത്തിന് പുതിയ ഉണർവ് നൽകി. ഇതേത്തുടർന്ന് 2009 ജൂൺ മാസം 19-ാം തീയതിയിലെ തിരുഹൃദയ തിരുന്നാൾ മുതൽ ഒരു വർഷക്കാലം സാർവത്രിക സഭയിൽ "പൗരോഹിത്യ വർഷ"മായി പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. "വൈദികരുടെ ശുശ്രൂഷയുടെ ഫലദായകത്വം ഏതൊന്നിന്മേൽ അധിഷ്ഠിതമായിരിക്കുന്നുവോ ആ ആത്മീയ പൂർണ്ണത യ്ക്കുവേണ്ടിയുള്ള അവരുടെ പരിശ്രമങ്ങളെ പ്രോത്സാ ഹിപ്പിക്കുന്നതിന് വേണ്ടിയാണ്" പരിശുദ്ധ പിതാവ് വൈദികരുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമ

വാർഷികത്തിൽ ഇപ്രകാരം ഒരു നവീകരണ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്.

"തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി" (മർക്കോ 3:14-15) യേശു ശിഷ്യന്മാരെ നിയോഗിച്ചു. "രക്ഷാകരമായ കഷ്ടാനുഭവത്തിനു ഒരുങ്ങിയപ്പോൾ അപ്പമെടുത്ത് വാഴ്ത്തി, ശുദ്ധീകരിച്ച്, മുറിച്ച് തന്റെ ശരീരമാക്കി അത് സ്വീകരിക്കുന്നവർക്ക് നിത്യജീവനുവേണ്ടി" (മാർ ദിവന്നാസിയോസിന്റെ അന്നാഫുറ) ശിഷ്യന്മാരെ ഭരമേല്പിച്ചു. "ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (1 കോരി 11:23) എന്നു പറഞ്ഞുകൊണ്ട് വി. കുർബാന സ്ഥാപിച്ചു. അങ്ങനെ നമ്മുടെ കർത്താവ് വി. കുർബാനയോട് അഭേദ്യമായി ബന്ധപ്പെടുത്തി ശുശ്രൂഷാ പൗരോഹിത്യം സ്ഥാപി ക്കുകയായിരുന്നു. "തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ" (മത്താ 24:45) ആണ് വൈദികൻ. "ജനങ്ങളിൽനിന്ന് ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന പ്രധാനപുരോഹിതൻ, ദൈവിക കാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ്" (ഹെബ്ര 5:1). ആയതിനാൽ പൗരോ ഹിത്യത്തിന്റെയും അതിന്റെ ശുശ്രൂഷകരായ പുരോഹിതരുടെയും പ്രാധാന്യവും ശ്രേഷ്ഠതയും പുനരന്വേഷിക്കുന്നതിനും വിശുദ്ധ ദൈവജനത്തിലെ എല്ലാവരും ഇക്കാര്യത്തിൽ ദത്തശ്രദ്ധരാകുന്നതിനും ഈ പൗരോഹിത്യ വർഷാചരണം നമ്മെ സഹായിക്കുന്നു. "പൗരോഹിത്യശുശ്രൂഷയിൽ അധിഷ്ഠിതമായ സഭ" നേരിടുന്ന വെല്ലുവിളികൾ യഥോചിതം നേരിടുന്നതിനും പൗരോഹിത്യ ശുശ്രൂഷയിലേക്ക് അനേകരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ ആചരണം സഹായകമാകട്ടെ. പരിശുദ്ധ പിതാവ് നൽകിയിരിക്കുന്ന "ക്രിസ്തുവിനോടുള്ള വിശ്വസ്തത, വൈദികന്റെ വിശ്വസ്തത" എന്ന മുദ്രാവാക്യം ഈ വർഷത്തിൽ എല്ലാ വൈദികരിലും അന്വർത്ഥമാകട്ടെ.

നമ്മുടെ പുണ്യപിതാവായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി പൗരോഹിത്യം സ്വീകരിച്ചതിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ കാലയളവിൽ സാർവത്രിക സഭയിൽ പരിശുദ്ധ പിതാവ് പൗരോഹിത്യ വർഷം പ്രഖ്യാപിച്ചത് നമുക്ക് ഏറെ അനുഗ്രഹജനകമാണ്. അതിന് ദൈവത്തിന് നമുക്ക് നന്ദി അർപ്പിക്കാം. മാവേലിക്കര പണിക്കരുവീട്ടിൽ തോമ്മാ പണിക്കരുടെയും അന്നമ്മ പണിക്കരുടെയും മകൻ പി.റ്റി. ഗീവർഗീസ്, തന്റെ പ്രാഥമിക പഠനത്തിനുശേഷം കോട്ടയം എം.ഡി. സെമിനാരിയിൽ ഹൈസ്ക്കൂൾ പഠനം ആരംഭിച്ചു. പ്രാർത്ഥനയിലും ദൈവിക കാര്യങ്ങളിലുമുള്ള ഗീവർഗീസിന്റെ താല്പര്യം തിരിച്ചറിഞ്ഞ പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് തിരു

മേനി 1899 ജനുവരി 18-ന് പുത്തൻകാവ് പള്ളിയിൽ വച്ച് പി.റ്റി. ഗീവർഗീസിന് ശെമ്മാശ്ശപട്ടം നല്കി. തുടർന്ന് പഠനം പൂർത്തിയാക്കിയ അദ്ദേഹം 1908 ആഗസ്റ്റ് 15-ന് വൈദിക പട്ടം സ്വീകരിച്ചു. 1925 ജനുവരി 28-ന് റമ്പാൻ സ്ഥാനം സ്വീകരിക്കുകയും തുടർന്ന് മെയ് 1-ന് എപ്പിസ്ക്കോപ്പായായി അഭിഷിക്തനാവുകയും ചെയ്തു.

വൈദിക ജീവിതം ഒരു ആത്മസമർപ്പണമാണ് എന്ന ദർശനമായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടേത്. വിശുദ്ധീകരിക്കുക, പഠിപ്പിക്കുക, നയിക്കുക, എന്ന യേശുവിന്റെ ത്രിവിധ ദൗത്യങ്ങളുടെ ശുശ്രൂഷയാണ് പൗരോഹിത്യമെന്ന് വിശ്വസിക്കുകയും തന്റെ ജീവിതത്തിൽ അത് അനുവർത്തിക്കുകയും ചെയ്തു. പൗരോഹിത്യശുശ്രൂഷയോടെ സന്യാസജീവിതം സമന്വയിപ്പിച്ച പിതാവ് മലങ്കര സഭയിൽ പ്രത്യേകമായ ഒരു ദൈവിക ചരിത്രനിയോഗം ഏറ്റുവാങ്ങി. പ്രവാചക ദൗത്യത്തോടെയാണ് മലങ്കര സഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനു തന്നെത്തന്നെ തിരുമേനി സമർപ്പിച്ചത്. സഭൈക്യപ്രസ്ഥാനത്തിന്റെ അടിസ്ഥാന സന്ദേശം പൗരോഹിത്യ അധിഷ്ഠിതമായ അപ്പസ്തോലിക മലങ്കരസഭയിൽ സാർവത്രിക കൂട്ടായ്മ പുനഃസ്ഥാപിക്കുക എന്നുള്ളതായിരുന്നു. അങ്ങനെ തന്റെ പൗരോഹിത്യജീവിതത്തിലൂടെ ആഗോള കത്തോലിക്കാസഭയുമായുള്ള മലങ്കരസഭയുടെ കൂട്ടായ്മ തിരുമേനി സാക്ഷാത്കരിച്ചു.

നമ്മെ പൗരോഹിത്യാധിഷ്ഠിതമായ സാർവത്രിക കൂട്ടായ്മയിലേക്ക് നയിച്ച വന്ദ്യപിതാവിന്റെ ഓർമ ഈ പൗരോഹിത്യ വർഷം സമുചിതം ആചരിക്കേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. ഈ വരുന്ന ജൂലൈ മാസം 15-ാം തീയതി തിരുമേനിയുടെ 56-ാം ഓർമ്മപ്പെരുന്നാൾ നാം ആചരിക്കുകയാണ്. നമ്മുടെ സഭാത്മക ജീവിതത്തിന് ആവശ്യമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്ന ഒരു അവസരമാണല്ലോ ഇത്. മുൻ വർഷങ്ങളിലെപ്പോലെ വിവിധ ആദ്ധ്യാത്മിക ശുശ്രൂഷകളിലൂടെ നമ്മൾ ഇതിനായി ഒരുങ്ങുകയാണ്. ജൂലൈ 1 മുതൽ 14 വരെ കബർചാപ്പലിൽ എല്ലാ ദിവസവും വൈകുന്നേരം 5.15-ന് സന്ധ്യാനമസ്ക്കാരവും തുടർന്ന് 5.30-ന് വി. കുർബാനയും ക്രമീകരിച്ചിരിക്കുന്നു. ഇവയിൽ സഭയിലെ വിവിധ ഭദ്രാസനങ്ങളും സമൂഹങ്ങളും പ്രത്യേകമാംവിധം പങ്കുചേരുന്നു. കൂടാതെ, ഈ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരത്തെ വി. കുർബാന വരെ തുടർച്ചയായി പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനുള്ള ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്.

2009 മാർച്ച് 2 മുതൽ 5 വരെ സമ്മേളിച്ച നമ്മുടെ സഭയുടെ പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം, പെരുന്നാട്ടിൽനിന്നും നമ്മുടെ സഭയുടെ വിവിധ കേന്ദ്രങ്ങളിൽനിന്നും ജൂലൈ 10-ാം തീയതി ആരംഭിക്കുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബ

റിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര 14-ാം തീയതി വൈകുന്നേരം 6 മണിക്ക് കബറിടത്തിൽ എത്തിച്ചേരുന്നതാണ്. ആത്മീയമായ ഒരുക്കത്തോടും പ്രാർത്ഥനാ ചൈതന്യത്തോടും നോമ്പോടും കൂടി സാധിക്കുന്നിടത്തോളം ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും അല്മായരും പദയാത്രയിൽ സംബന്ധിക്കണം. ഈ പൗരോഹിത്യ വർഷത്തിൽ നമ്മുടെ സഭയിലെ എല്ലാ വൈദികരെയും സമർപ്പിച്ച് ഞാനും ഈ പദയാത്രയിൽ സംബന്ധിക്കുന്നതാണ്. പദയാത്രികരോടൊപ്പം കബർചാപ്പലിൽ 6.15ന് നടത്തുന്നതായ സന്ധ്യാ നമസ്ക്കാരത്തിനും ധൂപപ്രാർത്ഥനയ്ക്കുംശേഷം വി. കുർബാനയും തുടർന്ന് രാത്രി മുഴുവനും ജാഗരണപ്രാർത്ഥനയും നടത്തുന്നതാണ്. ഓർമ്മപ്പെരുന്നാൾ ദിവസമായ ജൂലൈ 15, ബുധനാഴ്ച രാവിലെ 8.30-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പ്രഭാതനമസ്ക്കാരവും ആഘോഷമായ വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ച വിളമ്പും ഉണ്ടായിരിക്കുന്നതാണ്.

15-ാം തീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച (18.7.2009) നമ്മുടെ സഭയിലെ എല്ലാ ദൈവാലയങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ ആചരിച്ച് വി. കുർബാനയും ധൂപപ്രാർത്ഥനയും നടത്തേണ്ടതാണ്. നമ്മുടെ സഭാപാരമ്പര്യം പോലെ അന്നേദിവസം നെയ്യപ്പം, പാച്ചോർ മുതലായ നേർച്ചകൾ നടത്തുന്നത് അനുഗ്രഹപ്രദമായിരിക്കും.

"നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും" നാം ഓർത്ത് നമുക്ക് കൂടുതൽ അനുഗൃഹീതരാകാം.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

29.06.2009
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.